"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ (ദേവസ്വം ബി) വകുപ്പ് - മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ പെയ്ഡ് ഓഫീസർമാരായ എക്സിക്യൂട്ടീവ് ഓഫിസർമാരുടെ ശമ്പളം പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ദേവസ്വം ബി) വകുപ്പ്**

സ.ഉ.(കൈ) നം.336/2025/RD    തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:-

1. 04.02.2010 - ലെ GO(P)No.41/2010/RD നം. ഉത്തരവ്.
2. മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ സമർപ്പിച്ച 22.07.2020 - ലെ J4-4063/2018/MDB നം. ശമ്പള പരിഷ്കരണ പ്രൊപ്പോസൽ.
3. 16.02.2021 - ലെ GO(Ms) No.716/2021/RD നം. ഉത്തരവ്.
4. 10.02.2021 ലെ ജി.ഒ.(പി)നം.27/2021/ഫിൻ നം. ഉത്തരവ് .
5. മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ സമർപ്പിച്ച 12.03.2021 - ലെ H7/1032/2021/MDB. നം. കത്ത്.

**ഉത്തരവ്**

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള പെയ്ഡ് ഓഫീസർമാരായ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ശമ്പളം പരാമർശം (1) പ്രകാരമുള്ള ശമ്പള പരിഷ്കരണത്തിലെ ($8^{th}$ PR) ശമ്പള സ്കെയിൽ അടിസ്ഥാനമാക്കി പരാമർശം (3) പ്രകാരം 01.01.2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവായിരുന്നു.

2) എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനായി സമർപ്പിച്ച പരാമർശം (2) ശിപാർശയിൽ, ശമ്പള ഫിക്സേഷൻ നടത്തേണ്ടുന്ന വിധം സംബന്ധിച്ച് ശിപാർശ ചെയ്തിരുന്നെങ്കിലും, ശമ്പള പരിഷ്കരണം അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ അടിസ്ഥാന ശമ്പളത്തോടൊപ്പം, അർഹതപ്പെട്ട ക്ഷാമബത്ത ലയിപ്പിച്ചാണ് ശമ്പള പരിഷ്കരണം നടത്തേണ്ടതെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്നതിനാലും, കൂടാതെ ഫിക്സേഷൻ നടത്തേണ്ടുന്ന വിധം കൃത്യമായി നിർവ്വചിച്ചിട്ടില്ലാത്തതിനാലും, ശമ്പള പരിഷ്കരണം പ്രായോഗികമായി

നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിവിശേഷമാണുള്ളതെന്നും ബോർഡ് സമർപ്പിച്ച ശമ്പള പരിഷ്കരണ ശിപാർശയിലെ ഫിക്സേഷൻ റൂൾ ഒഴികെ, മറ്റെല്ലാം ഏതാണ്ട് പൂർണ്ണമായും സർക്കാർ അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ, ശമ്പള പരിഷ്കരണം കൊണ്ട് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് ന്യായമായ ശമ്പള വർദ്ധനവ് ഉറപ്പ് വരുത്തേണ്ടതുള്ളതിനാലും ശമ്പള ഫിക്സേഷൻ നടത്തേണ്ടുന്ന വിധം കൂടി അംഗീകരിച്ച് ഉത്തരവാകണമെന്ന് പരാമർശം (5) പ്രകാരം മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു. കൂടാതെ ചുവടെ ചേർക്കുന്ന വിഷയങ്ങൾ കൂടി പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു.

a) 01/07/2004 ലെ സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് നോഷണലായി അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ല.

b) ക്ഷേത്ര ജീവനക്കാരൻ എന്ന നിലയ്ക്ക് ക്ഷേത്ര സർവ്വീസ് കണക്കാക്കി അർഹതപ്പെട്ട സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ കാലാകാലങ്ങളിൽ വാങ്ങിയ ശേഷം, എക്സിക്യൂട്ടീവ് ഓഫീസറായി നിയമിതനാകുമ്പോൾ ക്ഷേത്ര സർവ്വീസ് വീണ്ടും കണക്കാക്കി ഗ്രേഡ് പ്രമോഷൻ അനുവദിക്കണമെന്ന ആവശ്യം തികച്ചും അനർഹവും നിയമവിരുദ്ധവും ആയതിനാൽ പരിഗണിക്കേണ്ടതില്ല.

c) പ്രീ റിവൈസ്ഡ് സ്കെയിലിലെ ഇൻക്രിമെന്റ് തീയതി നിലനിർത്തി ശമ്പള പരിഷ്കരണം അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കാവുന്നതും, ഇക്കാര്യത്തിൽ സർക്കാർ ഉത്തരവാകുകയോ സർക്കാർ നിർദ്ദേശാനുസരണം ബോർഡ് തലത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി സർക്കുലർ പുറപ്പെടുവിക്കുകയോ ചെയ്യാവുന്നതാണ്.

d) I, II, III, IV ഗ്രേഡുകൾക്ക് ഉയർന്ന ശമ്പള സ്കെയിൽ അനുവദിക്കുന്ന കാര്യത്തിൽ മുൻകാല ശമ്പള പരിഷ്കരണ ഉത്തരവുകൾ കൂടി പരിശോധനാ വിധേയമാക്കി സർക്കാർ തലത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതിനായി ശുപാർശ ചെയ്യുന്നു.

e) എക്സിക്യൂട്ടിവ് ഓഫീസർമാരുടെ ടെർമിനൽ സറണ്ടർ വിഷയത്തിൽ മറ്റ് ഉത്തരവുകൾ പുറപ്പെടുവിക്കേണ്ട ആവശ്യകതയില്ല.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലബാർ ദേവസ്വം ബോർഡ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ശമ്പള പരിഷ്കരണം GO(P)No.41/2010/RD dated 04.02.2010 പ്രകാരമുള്ള മുൻ ശമ്പളപരിഷ്കരണത്തിലെ ($8^{th}$ PR) ശമ്പള സ്കെയിലുകൾ അടിസ്ഥാനമാക്കി, 16.02.2021-ലെ സ.ഉ.(കൈ) നം. 716/2021/REV നം. പരിഷ്കരണ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട്, 10.02.2021-ലെ സ.ഉ.(പി)നം. 27/2021/ധന ഉത്തരവിലെ അനുബന്ധം - 1 പ്രകാരം 01.07.2019 പ്രാബല്യത്തിൽ ചുവടെ ചേർക്കുന്ന നിബന്ധനകളോടെ പരിഷ്കരിച്ച നൽകുന്നു;

| Sl. No. | Name of Post | Staff Strength (vide G.O (Rt) 1976/2020/RD dtd 29.05.2020) | Staff Strength as on 01.07.2019 | Pre-Revised scale (8th PR) | Revised Scale of Pay (11th PR) |
|---|---|---|---|---|---|
| 1 | Executive Officer Gr- 1 | 8 | 8 | 10790-18000 | 50200-105300 |
| 2 | Executive Officer Gr- II | 12 | 12 | 9590-16650 | 45600-95600 |
| 3 | Executive Officer Gr- III | 20 | 20 | 8790 - 13610 | 41300 - 87000 |
| 4 | Executive Officer Gr- IV | 32 | 10 | 7990 - 12930 | 37400 - 79000 |
| Total | | 72 | 50 | | |

<u>**നിബന്ധനകൾ**</u>

1.മേൽ ശമ്പള പരിഷ്കരണം 01.07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

1.

2. 01.07.2019-ന് നിലവിലുള്ള 3 0 3 % ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും, പരിഷ്കരിച്ച സ്കെയിലിൽ 01.07.2019 ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.

3. ശമ്പള നിർണ്ണയം (Rules for Fixation): GO(P)No.41/2010/RD dated 04.02.2010. പ്രകാരം 01.07.2019 തീയതിയിൽ അനുവദനീയമായ അടിസ്ഥാന ശമ്പളത്തോടൊപ്പം 303% ക്ഷാമബത്ത ലയിപ്പിച്ച് ലഭ്യമാകുന്ന തുകയോടൊപ്പം 5000/- രൂപ ഫിറ്റ്മെന്റ് ബെനിഫിറ്റ് കൂടി ചേർത്ത് കിട്ടുന്ന തുക പതിനൊന്നാം ശമ്പള പരിഷ്കരണ സ്കെയിലിന്റെ തൊട്ടടുത്ത

സ്റ്റേജിൽ നിശ്ചയിക്കേണ്ടതാണ്.

4. 10.02.2021 തീയതിയിലെ ജി.ഒ.(പി) നം.27/2021/ഫിൻ ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.

5. വീട്ട് വാടക ബത്ത 10.02.2021 ലെ സ.ഉ.(പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12, 13 ലെ വ്യവസ്ഥകൾക്കനുസൃതമായി (ആസ്ഥാന ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ക്ലാസ്സിഫിക്കേഷൻ അനുസരിച്ച്) അനുവദിക്കാവുന്നതാണ്. മലബാർ ദേവസ്വം ബോർഡ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കാവുന്നതാണ്.

6. 10.02.2021 സ.ഉ.(പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 8 പ്രകാരം സ്റ്റാഗ്നേഷൻ ഇൻക്രിമെൻ്റ് അനുവദിക്കാവുന്നതാണ്.

7. ഭിന്നശേഷി ജീവനക്കാർക്ക് പ്രതിമാസം 1100/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

8. ഒന്നിൽ കൂടുതൽ സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങളുടെ ചാർജ്ജുള്ള എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് അവരുടെ അടിസ്ഥാന ശമ്പളത്തിന്റെ 4 % നിരക്കിൽ പരമാവധി 3 മാസത്തേക്ക് ചാർജ്ജ് അലവൻസ് അധികച്ചുമതലയുള്ള ക്ഷേത്രത്തിൽ നിന്നും കൈപ്പറ്റാവുന്നതാണ്.

9. കണ്ണട അലവൻസ് 10.02.2021 ലെ സ.ഉ.(പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 18 പ്രകാരം (പരമാവധി 1500/- രൂപ നിരക്കിൽ അഞ്ച് വർഷത്തിൽ ഒരിക്കൽ) അനുവദിക്കാവുന്നതാണ്.

10. എക്സിക്യൂട്ടീവ് ഓഫീസർമാരുടെ യാത്രാബത്ത സംബന്ധിച്ച് 10.02.2021 ലെ സ.ഉ.(പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 27-ലെ നിബന്ധനകൾ പാലിക്കേണ്ടതാണ്. എക്സിക്യൂട്ടീവ് ഓഫീസർമാർ പ്രതിമാസം ചുരുങ്ങിയത് 15 ഔദ്യോഗിക യാത്രകളെങ്കിലും നടത്തിയിരിക്കണം. ഇതിലേക്ക് പ്രതിമാസം 500 രൂപ എന്ന നിരക്കിൽ സ്ഥിര യാത്രാബത്ത അനുവദിക്കാവുന്നതാണ്.

11. ഹിൽ ട്രാക്ക് അലവൻസ് സംബന്ധിച്ച് 10.02.2021-ലെ സ.ഉ.(പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 19-ലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

12. മലബാർ ദേവസ്വം ബോർഡ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് (CCA) നിർത്തലാക്കപ്പെടുന്നതാണ്.

13. ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.

14. മലബാർ ദേവസ്വം ബോർഡ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് ഇടക്കാലാശ്വാസം അല്ലെങ്കിൽ മുൻകൂറായി പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിച്ചിട്ടുള്ളപക്ഷം ആയത് ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ ക്രമീകരിക്കേണ്ടതുമാണ്.

15. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10.02.2021 സ.ഉ.(പി) നം.27/2021/ധന ഉത്തരവിലെ അനക്സർ VI ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

16. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താല്ക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല.

17. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

18. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

19. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം

വരുത്താൻ പാടില്ല.

20. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിര നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

21. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും മലബാർ ദേവസ്വം ബോർഡ്, എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ഈ ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതോടുകൂടി റദ്ദാകുന്നതാണ്.

22. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മലബാർ ദേവസ്വം ബോർഡ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് നടപ്പിലാക്കുവാൻ പാടില്ല.

23. ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ 22.10.2001-ലെ സ.ഉ(പി) നം.1208/2001/ധന ഉത്തരവ് പ്രകാരം റദ്ദാക്കേണ്ടതാണ്.

24. ശമ്പള പരിഷ്ക്കരണത്തിന് ആവശ്യമായ അധിക സാമ്പത്തിക ബാധ്യത ബോർഡിന്റെ സ്വന്തം വരുമാന മാർഗ്ഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.

25. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

26. മേല്പറഞ്ഞ രീതിയിൽ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതോടുകൂടി 16.02.2021 തീയതിയിലെ സ.ഉ.(കൈ) 716/2021/RD ഉത്തരവ് റദ്ദ് ചെയ്യപ്പെടുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്, ഹൗസ് ഫെഡ് കോംപ്ലക്സ്, എരഞ്ഞിപ്പാലം പി.ഒ.,

കോഴിക്കോട് - 673 006.

ധനകാര്യ വകുപ്പ് (EXP-A1/326/2020-FIN)

പൊതുഭരണ (എസ് .സി. ) വകുപ്പ് ( ഇനം നമ്പർ 3386)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ)/ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (പ്രസിദ്ധീകരണത്തിന്) കരുതൽ

ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 18-12-2025 11:44:46
സെക്ഷൻ ഓഫീസർ